# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **5405** — **18.11.2019** ൽ മറുപടിക്ക്

### സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം

**ചോദ്യം:**

**ശ്രീ. കെ.ജെ.മാക്സി**

**ഉത്തരം :**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആവശ്യമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഐ.എ.എസ്, ഐ.പി.എസ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരുടെ അംഗീകൃത കേഡർ സ്ട്രെങ്ത് യഥാക്രമം 231 ഉം, 172 ഉം ആണ്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നു; എത്ര ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 123 ഐ.എ.എസ് ഉദ്യോഗസ്ഥരും 95 ഐ.പി.എസ്. ഉദ്യോഗസ്ഥരും ജോലി ചെയ്തു വരുന്നു. അനുവദിച്ചിട്ടുള്ള കേഡർ സ്ട്രെങ്ത്തിൽ നിലവിൽ 84 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും 55 ഐ.പി.എസ് ഉദ്യോഗസ്ഥരുടെയും കുറവുണ്ട്. |
| (സി) | കേരള കേഡറിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | കേരള കേഡറിൽപ്പെട്ട 22 ഐ.എ.എസ് ഉദ്യോഗസ്ഥരും, 22 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| (ഡി) | മൂന്നോ അതിലധികമോ ചുമതലയുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര എന്ന് അറിയിക്കുമോ; | (ഡി) | 28 ഐ.എ.എസ്. ഉദ്യോഗസ്ഥർ മൂന്നോ അതിലധികമോ ചുമതല വഹിക്കുന്നുണ്ട്. |
| (ഇ) | കേരള കേഡറിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ പഠനാവശ്യത്തിലടക്കം നീണ്ട അവധിയിലാണ്; അവർ ആരെല്ലാം; വെളിപ്പെടുത്തുമോ; | (ഇ) | കേരള കേഡറിൽപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ ശ്രീ.ഗോകുൽ.ജി.ആർ ഐ.എ.എസ്. (പഠനാവശ്യം), ഡോ.കെ.വാസുകി ഐ.എ.എസ്. |

| | | | | |
|---|---|---|---|---|
| | | | | ശ്രീ.കാർത്തികേയൻ.എസ് ഐ.എ.എസ്., ശ്രീമതി.ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ് എന്നിവർ ദീർഘകാല അവധിയിലാണ്.<br>ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ ശ്രീമതി.ആർ.നിശാന്തിനി ഐ.പി.എസ് (പഠനാവശ്യം), ശ്രീമതി.കിരൺ നാരായണൻ ഐ.പി.എസ്., ശ്രീമതി. മെറിൻ ജോസഫ് ഐ.പി.എസ്. എന്നിവർ ദീർഘകാല അവധിയിലാണ്. |
| (എഫ്) | 7 വർഷത്തെ സർവ്വീസ് പൂർത്തിയാക്കാത്തവർക്ക് ദീർഘകാലാവധി അനുവദിക്കാറുണ്ടോ; വിശദാംശം നൽകുമോ; | | (എഫ്) | ഉണ്ട്. 7 വർഷ സർവ്വീസ് പൂർത്തിയാക്കാത്തവർക്കും പഠനാവശ്യം ഒഴികെ ദീർഘകാല അവധി ആൾ ഇന്ത്യാ സർവ്വീസ് (ലീവ്) റൂൾസ് 1955 പ്രകാരം അനുവദിക്കാറുണ്ട്. |
| (ജി) | സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് പഠനാവശ്യത്തിലടക്കം നീണ്ട അവധി അനുവദിക്കാനുള്ള വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | (ജി) | അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പാലിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ